**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3616** **12-03-2025 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ സർവ്വകലാശാലയുടെ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഫാഷൻ ഡിസൈനിംഗ് കോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ സർവ്വകലാശാലയുടെ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഫാഷൻ ഡിസൈനിംഗ് കോഴ്സ് എന്നത് കണ്ണൂർ സർവ്വകലാശാലയുടെ ബി.എസ്.സി. ഫാഷൻ ആൻഡ് അപ്പാരൽ ഡിസൈനിംഗിന്റെ ഉയർന്ന കോഴ്സാണ് എന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഇത് സംബന്ധിച്ച് കണ്ണൂർ സർവ്വകലാശാല വൈസ് ചാൻസലർ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഫയലിൽ സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കാമോ? | (എ) | കണ്ണൂർ സർവ്വകലാശാലയുടെ ഫാഷൻ ഡിസൈനിംഗിലെ ബിരുദാനന്തര ഡിപ്ലോമ പ്രോഗ്രാം, കണ്ണൂർ സർവ്വകലാശാലയുടെ ബി.എസ്.സി ഫാഷൻ ആൻഡ് അപ്പാരൽ ഡിസൈൻ ടെക്നോളജി പ്രോഗ്രാമിനേക്കാൾ ഉയർന്ന യോഗ്യതയാണെന്ന് സർവ്വകാശാലാ രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, കണ്ണൂർ സർവ്വകലാശാലയുടെ ഫാഷൻ ഡിസൈനിംഗിലെ ബിരുദാനന്തര ഡിപ്ലോമ പ്രോഗ്രാമിനെ കണ്ണൂർ സർവ്വകലാശാലയുടെ ബി.എസ്.സി ഫാഷൻ ആൻഡ് അപ്പാരൽ ഡിസൈൻ ടെക്നോളജി പ്രോഗ്രാമിനേക്കാൾ ഉയർന്ന യോഗ്യതയായി അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ